ഡിസിബുക്സ്

# എമർജിങ് കേരള

BUSINESS | ECONOMY | DEVELOPMENT
DC SCHOOL OF MANAGEMENT & TECHNOLOGY
DECEMBER 2017 ₹50
www.emergingkerala.dcbooks.com



## കേരളത്തിന്റെ സാമ്പത്തിക വളർച്ച എങ്ങോട്ട് ?
ഡോ. ബി.എ. പ്രകാശ്

## നാലാം വ്യാവസായിക വിപ്ലവത്തിന് തയ്യാറെടുക്കാം
പി.എം. റിയാസ്

## ജി എസ് ടി: ബാലാരിഷ്ടതകൾക്ക് അന്ത്യമായി; പക്ഷേ...
ഡോ. ജോസ് സെബാസ്റ്റ്യൻ

## മൂഡീസ് റേറ്റിങ്: ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് പ്രോത്സാഹനമോ?
പ്രൊഫ. വി.കെ. വിജയകുമാർ

# ക്ലൗഡ് കമ്പ്യൂട്ടിങ്ങിൽ മൈക്രോസോഫ്റ്റിന്റെ വിജയനായകൻ

ISSN 2320-1622



മെന്റർ: എസ്. ആർ. നായരുടെ പംക്തി ആരംഭിക്കുന്നു



അഴകിന്റെ ലോകത്ത് അംബികാ പിള്ളയുടെ കൈയൊപ്പ്

# കേരളത്തിന്റെ സാമ്പത്തിക വളർച്ച എങ്ങോട്ട് ?

**കേരള സമ്പദ്ഘടനയിൽ അനുഭവപ്പെടുന്ന വളർച്ചമുരടിപ്പിന്റെ പ്രധാന കാരണങ്ങൾ ഗൾഫ് പ്രതിസന്ധി, കുടിയേറ്റത്തിലെ കുറവ്, സംസ്ഥാന സർക്കാരിന്റെ രൂക്ഷമായ ധനപ്രതിസന്ധി, റബറിന്റെ വിലയിടിവ്, റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥ എന്നിവയുമാണ്. കേരളത്തിന്റെ സാമ്പത്തികാവസ്ഥയെക്കുറിച്ച് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി, സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നിവയുടെ മുൻ അധ്യക്ഷൻ ഡോ. ബി എ പ്രകാശ് എഴുതുന്നു**

ഒരു സമ്പദ്ഘടനയുടെ വളർച്ചയും, വികസനവും നിർണ്ണയിക്കുന്നതിൽ പല ഘടകങ്ങളുമുണ്ടെങ്കിലും ഏറ്റവും പ്രധാന ഘടകം ആ രാജ്യത്ത് അനുവർത്തിക്കുന്ന സാമ്പത്തിക നയങ്ങളാണ്. സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള ആറു ദശാബ്ദ കാലത്തെ സാമ്പത്തിക മാറ്റങ്ങൾ പരിശോധിച്ചാൽ, സാമ്പത്തിക നയങ്ങളിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച് വളർച്ചയിലും, വികസനത്തിലും വലിയ വ്യതിയാനങ്ങൾ വന്നതായി കാണാം. 1991 നു ശേഷം ഉദാരവൽക്കരണ നയങ്ങൾ നടപ്പിലാക്കിയതിന് ശേഷമാണ് സാമ്പത്തിക വളർച്ച നിരക്കിൽ മുൻകാലത്തെക്കാൾ വർദ്ധനയുണ്ടായതും, വികസനത്തിൽ വേഗം വർധിച്ചതും. എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദകാലത്തെ വളർച്ച പരിശോധിച്ചാൽ 2010-11 നു ശേഷം വളർച്ച മന്ദീഭവിക്കുന്നതായി കാണാം. സാമ്പത്തിക വളർച്ച മുരടിപ്പിന്റെ സ്വഭാവവും, വ്യാപ്തിയും അതിന്റെ കാരണങ്ങളും പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## മന്ദീഭവിക്കുന്ന സാമ്പത്തിക വളർച്ച : സ്വഭാവം, വ്യാപ്തി

കഴിഞ്ഞ ഒരു ദശാബ്ദകാലത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച പരിശോധിച്ചാൽ വളർച്ച മന്ദീഭവിക്കുന്നതായി കാണാം.

പട്ടിക 1


കേരള സമ്പദ്ഘടന വാർഷിക വളർച്ച നിരക്ക്: മേഖല തിരിച്ച്

| വർഷം | പ്രൈമറി | സെക്കൻഡറി | സർവ്വീസ് | മൊത്തം (NSDP) |
|---|---|---|---|---|
| 2006-07 | 8.54 | 6.70 | 12.53 | 7.90 |
| 2007-08 | 0.74 | 8.21 | 11.17 | 8.93 |
| 2008-09 | 6.94 | 0.10 | 7.97 | 6.15 |
| 2009-10 | 2.98 | 6.07 | 12.15 | 9.04 |
| 2010-11 | 8.29 | 14.88 | 6.32 | 6.40 |
| 2011-12 | 5.47 | 4.18 | 6.38 | 5.82 |
| 2012-13 | 3.80 | 2.52 | 9.50 | 6.28 |
| 2013-14 | 1.26 | 3.32 | 7.34 | 4.62 |
| 2014-15 (P) | 2.31 | 5.16 | 8.86 | 7.95 |
| 2015-16 (Q) | 1.71 | 8.55 | 8.64 | 8.24 |

Note: P- Provisional, Q- Quick, NSDP- Net State Domestic Product
Source: Department of Economics and Statistics

പട്ടിക ഒന്നിൽ 2006-07 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വളർച്ച നിരക്ക് നല്കിയിട്ടുണ്ട്. ഈ പട്ടികയുടെ വിശകലനത്തിൽ നിന്ന് താഴെ പറയുന്ന നിഗമനങ്ങളിൽ എത്താം: (1). 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ വളർച്ച നിരക്ക് വളരെ ഉയർന്നതായിരുന്നു (6 മുതൽ 9 ശതമാനം വരെ). എന്നാൽ 2010-11 മുതൽ വളർച്ച നിരക്കിൽ കുറവുണ്ടായതായി കാണാം. (2). 2013-14 വർഷത്തിൽ വളർച്ച നിരക്ക് 4.6 ശതമാനമായി താഴ്ന്നു. (3). ഈ പത്തുവർഷ കാലയളവിൽ കാർഷിക അനുബന്ധമേഖലയായ പ്രൈമറി മേഖലയുടെ വളർച്ച നിരക്ക് ഏഴുവർഷവും നെഗറ്റിവ്

അഥവാ പൂജ്യത്തിൽ താഴെ ആയിരുന്നു. ഇത് കാർഷിക മേഖലയുടെ സ്തംഭനാവസ്ഥയെയും മുരടിപ്പിനെയുമാണ് സൂചിപ്പിക്കുന്നത്. കേരളത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ വിളയായ റബറിന്റെ വിലയിടിവ് കാർഷിക മേഖലയിൽ കഴിഞ്ഞ ചില വർഷങ്ങളിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. (4). വ്യവസായം, നിർമ്മാണം, ഇന്ധനം, ജലവിതരണം എന്നിവ ഉൾപ്പെടുന്ന സെക്കൻഡറി മേഖലയുടെ വളർച്ചയിലും 2011-12 ശേഷം കുറവുണ്ടായി. (5). വളരെ ഉയർന്ന വളർച്ചയുണ്ടായിരുന്ന നിർമ്മാണമേഖലയിൽ ഇടിവ് ഉണ്ടായി. (6). ഉയർന്ന വളർച്ചയുണ്ടായിരുന്ന സർവീസ് മേഖലയിലും ഇടിവ് ഉണ്ടായി. 2009-10 ൽ 12 ശതമാനം വളർച്ചയുണ്ടായിരുന്ന ഈ മേഖലയുടെ വളർച്ച 2010-11 ൽ 6.3 ശതമാനമായി കുറഞ്ഞു. (7). സർവീസ് മേഖലയിൽ വളർച്ച ക്കുറവ് അനുഭവപ്പെട്ട മേഖലകൾ കച്ചവടം, ഹോട്ടൽ, റസ്റ്റോറന്റ്, റിയൽ എസ്റ്റേറ്റ് എന്നിവയാണ്. ഗതാഗതം, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകളിലെ വളർച്ച നിരക്കിലും കുറവുണ്ടായി.



1991 ൽ ഉദാരവല്ക്കരണ സാമ്പത്തിക നയങ്ങൾ അനുവർത്തിച്ചതിനുശേഷം സംസ്ഥാന സമ്പദ്‌വ്യവസ്ഥിതിയുടെ ഘടനയിൽ താഴെ പറയുന്ന മാറ്റങ്ങളുണ്ടായി (പട്ടിക രണ്ട്):

പട്ടിക 2

| കേരളത്തിന്റെ NSDP : മേഖലകളുടെ വിഹിതം | | | | |
|---|---|---|---|---|
| വർഷം | പ്രൈമറി | സെക്കൻഡറി | സർവ്വീസ് | മൊത്തം (NSDP) |
| 1990-91 | 29.32 | 19.37 | 51.31 | 100 |
| 2000-01 | 21.28 | 19.97 | 58.75 | 100 |
| 2005-06 | 16.55 | 23.29 | 60.16 | 100 |
| 2015-16 (Q) | 10.62 | 26.38 | 63.00 | 100 |

Source: Department of Economics and Statistics

(1). ആഭ്യന്തരവരുമാനത്തിൽ പ്രൈമറി മേഖലയുടെ വിഹിതം 1990-91 ൽ 29 ശതമാനമായിരുന്നത് 2015-16 ൽ 10.6 ശതമാനമായി കുറഞ്ഞു. സാമ്പത്തിക വികസനം ഉണ്ടാകുന്ന സമ്പദ്ഘടനയിൽ സാധാരണഗതിയിൽ ഉണ്ടാകുന്ന മാറ്റമാണിത്. നിക്ഷേപകരും, ഉത്പാദകരും, തൊഴിലാളികളും കാർഷികരംഗത്ത് നിന്നു വ്യവസായ, സേവന മേഖലകളിലേക്കും, നഗരപ്രദേശങ്ങളിലേക്കും മാറാറുണ്ട്. (2). വ്യവസായം, നിർമ്മാണം, ഇന്ധനം, ജലവിതരണം എന്നിവ ഉൾപ്പെടുന്ന സെക്കൻഡറി മേഖലയുടെ വളർച്ച ഈ കാലത്ത് 19 ശതമാനത്തിൽ നിന്ന് 26 ആയി വർദ്ധിച്ചു. (3). ഈ കാലത്ത് നിർമ്മാണ മേഖലയുടെ വിഹിതം 10 ശതമാനത്തിൽ നിന്ന് 15.7 ശതമാനമായി വർദ്ധിച്ചു. ഈ നിർമ്മാണ മേഖലയിൽ അടുത്തകാലത്ത് ഉണ്ടായ മാന്ദ്യമാണ് സാമ്പത്തിക വളർച്ച മന്ദീഭവിപ്പിച്ച ഒരു പ്രധാന ഘടകം. (3). സമ്പദ്ഘടനയുടെ ഏറ്റവും വലിയ മേഖലയായ സർവീസിന്റെ വിഹിതം 1991 ൽ 51 ശതമാനമായിരുന്നത് 2015-16 ൽ 63 ശതമാനമായി വർദ്ധിച്ചു. സർവീസ് മേഖലയിൽ ഏറ്റവും വലിയ വർധന ഉണ്ടായ ഉപമേഖലകൾ ഗതാഗതം, വാർത്താവിനിമയം, ബാങ്കിങ് എന്നിവയാണ്.

2016 ഏപ്രിൽ മാസത്തിനു ശേഷം സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. 2016 നവംബറിൽ നടപ്പിലാക്കിയ നോട്ടുനിരോധനവും 2017 ൽ നടപ്പിലാക്കിയ ചരക്കുസേവന നികുതിയും സംസ്ഥാന സമ്പദ്ഘടനയിൽ വലിയ ആഘാതം ഏല്പിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത് വളർച്ചനിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നാണ്.

## വളർച്ചമുരടിപ്പിന്റെ കാരണങ്ങൾ

കഴിഞ്ഞ നാല് ദശാബ്ദങ്ങളിൽ സംസ്ഥാന സമ്പദ്ഘടനയിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ ഘടകമാണ് ഗൾഫ് കുടിയേറ്റവും അതുമൂലമുണ്ടായ പണപ്രവാഹവും. ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകൾ ഒഴികെ മറ്റു ജില്ലകളുടെ സാമ്പത്തിക രംഗത്ത് ഏറ്റവും വലിയ സ്വാധീനം ചെലുത്തുന്ന ഘടകം ഗൾഫ് പണപ്രവാഹമാണ്. 2008 ലെ ആഗോള സാമ്പത്തിക മാന്ദ്യം ഏറ്റവും രൂക്ഷമായി ബാധിച്ചത് എണ്ണകയറ്റുമതിയെയും, വിദേശതൊഴിലാളികളെയും വളരെ ആശ്രയിച്ച് നില്ക്കുന്ന ഗൾഫ് രാജ്യങ്ങളെയാണ്. 2008 നു ശേഷം ഗൾഫ് കുടിയേറ്റത്തിൽ വൻ ഇടിവും പ്രവാസികളുടെ മടങ്ങിവരവിൽ വലിയ വർധനയുമുണ്ടായിട്ടുണ്ട്. സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ബഹറിൻ എന്നീ രാജ്യങ്ങളിലെ കുടിയേറ്റക്കാരിൽ ഗണ്യമായ കുറവുണ്ടായതായി സെന്റർ ഫോർ ഡെവലപ്മെന്റ്, സ്റ്റഡീസിന്റെ 2016 ൽ നടത്തിയ പഠനത്തിൽ കണക്കാക്കുന്നു. 2014 ൽ പ്രതിവർഷം വിദേശ മലയാളികളിൽ നിന്നു ലഭിച്ച തുക ഏതാണ്ട് 71000 കോടി രൂപയായിരുന്നത് 2016 ൽ 63000 കോടിയായി കുറഞ്ഞതായും കണക്കാക്കുന്നു. 2016 ൽ കേരളത്തിൽ നിന്ന് വിദേശത്തേക്ക് കുടിയേറിയവർ 22.72 ലക്ഷം പേരാണ്. ഇവരിൽ 91 ശതമാനം പേരും കുടിയേറിയിരിക്കുന്നത് ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ്.

സംസ്ഥാനസർക്കാർ 2011-12 മുതൽ ധന പ്രതിസന്ധിയിലാണ്. ഇതുമൂലം മൂലധന

ചെലവ്, പദ്ധതി ചെലവ്, വൻകിട വികസന പദ്ധതികൾ എന്നിവയ്ക്ക് പണം ഇല്ലാത്ത അവസ്ഥയാണ്. ഇത് സാമ്പത്തിക വികസനത്തെ പ്രതികൂലമായി ബാധിച്ചു. 2010-11 മുതൽ 2014-15 വരെയുള്ള കാലത്ത് റവന്യൂ കമ്മി (ആഭ്യന്തരവരുമാന അനുപാതം) 2.6 മുതൽ 3.1 ശതമാനമാണ്. ധനകമ്മി ഈ കാലയളവിൽ 4 ശതമാനത്തിലധികമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന ധനകമ്മിയാണിത്. ഈ നാല് വർഷവും മൊത്തം ചെലവിന്റെ നാലിൽ ഒന്നും നിറവേറ്റാൻ കടം വാങ്ങി. ഈ നാല് വർഷക്കാലവും നിത്യനിദാന ചെലവുകൾ (നോൺ പ്ലാൻ റവന്യൂചെലവ്) നിറവേറ്റാൻ റവന്യൂ വരവ് തികയാതെ കടം വാങ്ങേണ്ടി വന്നു. 2016 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ധവളപത്രമനുസരിച്ച് സംസ്ഥാനം അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണെന്നും 2017-18 ൽ സംസ്ഥാനം ധനകാര്യ തകർച്ചയിലേക്കും 2021 ൽ നിത്യനിദാന ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടവ് എന്നിവയ്ക്കു പോലും പണമില്ലാത്ത ഭയാനകമായ സ്ഥിതി ഉണ്ടാകുമെന്നും പ്രവചിക്കുന്നു. ഈ പ്രവചനങ്ങൾ യാഥാർത്ഥ്യമാകുന്ന സ്ഥിതിയിലേക്കാണ് ധനപ്രതിസന്ധി നീങ്ങുന്നത്.

കേരളത്തിൽ നാളികേരം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന വിളയാണ് റബർ. 2016-17 ൽ 550,840 ഹെക്ടറിലാണ് റബർ കൃഷി ചെയ്തത്. ഇത് സംസ്ഥാനത്തെ കൃഷിഭൂമിയുടെ 27 ശതമാനമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കർഷകരുടെ വരുമാനവും ഈ കൃഷിയിൽനിന്നാണ്. റബറിന്റെ വിലയിടിവ് വൻ പ്രതിസന്ധി സൃഷ്ടിക്കുകയും, കർഷകരെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്കും തള്ളിവിട്ടു. 2011-12 ൽ ഒരു കിലോ റബറിന് (കോട്ടയം RSS-4) ന് 208 രൂപയുണ്ടായിരുന്നത് തുടർച്ചയായി കുറഞ്ഞ് 2015-16 ൽ 113 രൂപയായി. ഈ വിലയിടിവ് കൃഷി നഷ്ടത്തിലാക്കുകയും, റബർ വെട്ടുന്നത് തന്നെ നിർത്തുന്ന അവസ്ഥയിലേക്കും നീങ്ങി.

അതിവേഗം വളർന്നുകൊണ്ടിരുന്ന ഒരു മേഖലയാണ് നിർമ്മാണം. സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ 16 ശതമാനവും ഈ മേഖലയിൽനിന്നുമാണ്. ഈ മേഖല മാന്ദ്യത്തിലാണ്. 2012-13 ൽ ഈ മേഖലയുടെ വളർച്ച 4 ശതമാനമായി ഇടിഞ്ഞു. ഈ മാന്ദ്യം സിമിന്റ്, കമ്പി, പെയിന്റ്, തടി, ടൈൽസ് തുടങ്ങിയ നിർമ്മാണ സാമഗ്രികളിൽ നിന്നുള്ള വില്പന നികുതിയും ഇടിയാൻ ഇടയാക്കി. റിയൽ എസ്റ്റേറ്റ് രംഗത്തെ വിലയിടിവ്, സാമ്പത്തിക വളർച്ച മന്ദീഭവിക്കുന്നതിനും ഇടയാക്കിയ മറ്റൊരു പ്രധാന കാരണമാണ്. സംസ്ഥാനത്തിന്റെ ഒരു പ്രധാന നികുതിയായ മുദ്രപ്പത്രങ്ങൾ, രജിസ്ട്രേഷൻ എന്നിവയിലെ നികുതിവരവിൽ 2012-13 മുതൽ 2014-15 വരെയുള്ളകാലത്ത് വൻ ഇടിവാണ് ഉണ്ടായിട്ടുള്ളത്.

അഞ്ചു മാസത്തോളം നിലനിന്ന നോട്ടുനിരോധനം അതിരൂക്ഷമായ കറൻസി ക്ഷാമം സൃഷ്ടിക്കുകയും, 80 ശതമാനത്തോളം സാമ്പത്തിക ക്രയവിക്രയങ്ങൾ കറൻസി ഉപയോഗിച്ച് നടത്തുന്ന സംസ്ഥാന സമ്പദ്ഘടനയെ തകർച്ചയിലേക്കും നയിക്കുകയും ചെയ്തു. ഉത്പന്നങ്ങൾക്കും, സർവീസുകൾക്കും ഡിമാന്റ് ഇല്ലാത്ത അവസ്ഥ സൃഷ്ടിച്ച് സാമ്പത്തിക മേഖലയേയും തകർത്തു. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, തൊഴിലില്ലായ്മ, സഹകരണ ബാങ്കുകളുടെ സ്തംഭനാവസ്ഥ മൂലമുള്ള പ്രതിസന്ധി തുടങ്ങിയവ കാർഷികമേഖലയ്ക്കും, അനുബന്ധ മേഖലയായ മത്സ്യബന്ധനം, കന്നുകാലി വളർത്തൽ ഇവയെ തളർത്തി . പരമ്പരാഗത വ്യവസായങ്ങളും, ചെറുകിട വ്യവസായ മേഖലയും രൂക്ഷപ്രതിസന്ധിയിലായി. നിർമ്മാണ മേഖല സ്തംഭനത്തിലാവുകയും, മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികൾ വലിയ തോതിൽ മടങ്ങിപ്പോവുകയും ചെയ്തു. ഗൾഫ് കുടിയേറ്റക്കാർ വിദേശത്ത് നിന്ന് അയച്ച വൻ തോതിലുള്ള പണം ബാങ്ക് വഴി മാറ്റി പണമായി ലഭിക്കാത്ത സ്ഥിതി ഉണ്ടായി. ഇതുമൂലം ലക്ഷക്കണക്കിന് ഗൾഫ് കുടുംബങ്ങൾക്ക് ഉപഭോഗത്തിനു ചെലവാക്കേണ്ട തുക ചെലവാക്കാൻ കഴിഞ്ഞില്ല. ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ ഇടിവ് ഉണ്ടാക്കിയത് ആ മേഖലയിൽ വലിയ മാന്ദ്യം ഉണ്ടാക്കി. സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്നവരും, ചെറുകിട കച്ചവടം, ഹോട്ടൽ തുടങ്ങിയവ നടത്തുന്നവരും രൂക്ഷപ്രതിസന്ധിയിലായി. ചുരുക്കത്തിൽ നോട്ടുനിരോധനം സാമ്പത്തികമേഖലകളിൽ വൻതോതിൽ ഉത്പാദനം, തൊഴിൽ, വരുമാനം, ഉപഭോഗം എന്നിവയിൽ ഇടിവ് സൃഷ്ടിച്ചു.

> 2008 നു ശേഷം ഗൾഫ് കുടിയേറ്റത്തിൽ വൻ ഇടിവും പ്രവാസികളുടെ മടങ്ങി വരവിൽ വലിയ വർധനയുമുണ്ടായിട്ടുണ്ട്. സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ബഹറിൻ എന്നീ രാജ്യങ്ങളിലെ കുടിയേറ്റക്കാരിൽ ഗണ്യമായ കുറവുണ്ടായതായി സി ഡി എസിന്റെ 2016 ൽ നടത്തിയ പഠനത്തിൽ കണക്കാക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസ്ഥിതിയിലും, രാജ്യത്തിന്റെ സാമ്പത്തിക മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുമെന്നു പറഞ്ഞാണ് ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കിയത്. എന്നാൽ ജിഎസ്ടിയുടെ അവകാശവാദങ്ങൾ ഒന്നും യാഥാർഥ്യമായില്ല എന്നതാണ് നാല് മാസക്കാലത്തെ അനുഭവം. മാത്രമല്ല നോട്ടുനിരോധനം മൂലം മാന്ദ്യത്തിലായ സമ്പദ്ഘടനയെ കൂടുതൽ മാന്ദ്യത്തിലേക്ക് നയിക്കാനാണ് ഇത് ഇടയാക്കിയത്. സാധനങ്ങളുടെയും, സർവീസുകളുടെയും വിലയിൽ കുറവുണ്ടാവുമെന്ന് പറഞ്ഞ സ്ഥാനത്ത് വൻ വർധനയാണ് ഉണ്ടായത്. മുൻപ് അഞ്ചു ശതമാനം വാറ്റ് ഉണ്ടായിരുന്ന സ്ഥാനത്ത് 18 മുതൽ 28 ശതമാനം വരെ ജിഎസ്ടി ചുമത്താൻ തുടങ്ങി. വിലക്കയറ്റം വിപണിയുടെ തകർച്ചയ്ക്കും, ഉല്പന്നങ്ങളുടെ സ്റ്റോക്കുകൾ കെട്ടിക്കിടക്കുന്ന സ്ഥിതിക്കും ഇടയാക്കി. ചെറുകിട ഉല്പാദകർക്കും, വൻകിട ഉല്പാദകർക്കും ഒരേ നിരക്കിൽ ജിഎസ്ടി നടപ്പിലാക്കിയതിനാൽ ചെറുകിടസംരംഭങ്ങൾ രൂക്ഷമായ പ്രതിസന്ധിമൂലം തകർച്ചയിലേക്ക് നീങ്ങുന്നു. എല്ലാ തലത്തിലും ഇ ഗവേണൻസ് എന്ന മുദ്രാവാക്യം ചെറുകിടക്കാർക്ക് വർധിച്ച ചെലവും പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പദ്ധതിയും, നികുതി റിട്ടേണുകളും നികുതി ലളിതമാക്കുന്നതിനു പകരം കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. നികുതിഭരണത്തിലെ എല്ലാ രംഗത്തും അനിശ്ചിതത്വവും, അവ്യക്തതയും, ചിന്താകുഴപ്പവും നില്ക്കുന്നു. ഇന്ത്യയിലെ കൺസ്യൂമർ ഉല്പന്നങ്ങളുടെ വിപണി ഇതുവരെ ഉണ്ടാകാത്ത അനിശ്ചിതത്വത്തിലായി. എന്നാൽ നവംബർ ആദ്യ ആഴ്ച ജി.എസ്.ടി. നിരക്കുകളിലും മറ്റും വരുത്തിയ മാറ്റങ്ങൾ ഈ നികുതി പരിഷ്ക്കാരം മൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഒരു പരിധിവരെ സഹായകമാണ്.

ഈ ചർച്ച ഉപസംഹരിക്കാം. 2010-11 മുതൽ കേരള സമ്പദ്ഘടനയിൽ അനുഭവപ്പെടുന്ന വളർച്ചമുരടിപ്പിന്റെ പ്രധാന കാരണങ്ങൾ ഗൾഫ് പ്രതിസന്ധി, കുടിയേറ്റത്തിലെ കുറവ്, സംസ്ഥാന സർക്കാരിന്റെ രൂക്ഷമായ ധനപ്രതിസന്ധി, റബറിന്റെ വിലയിടിവ്, റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥ എന്നിവയുമാണ്. ഈ സാഹചര്യത്തിൽ നടപ്പിലാക്കിയ നോട്ടുനിരോധനവും, ചരക്കുസേവന നികുതിയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി.